# ആശാന്റെ അനിമയും
# ലിംഗനിർമ്മിതി പുനർവായനയും

പി.പി. രമ്യ*

ആത്മീയസ്നേഹത്തിന്റെ മായികതയിൽ നിന്ന് ബോധപൂർവ്വം പൊളിച്ചുമാറ്റപ്പെട്ട ശരീരാധിഷ്ഠിതമായ രതി വാസനകളുടെ സാമ്പ്രദായികത്വമാണ് പലപ്പോഴും രതി വിരക്തികളുടെ മൗലികതയെ വേറിട്ട വായനയുടെ നവ സ്വത്വങ്ങളിലേക്ക് സന്നിവേശി പ്പിച്ചിട്ടുള്ളത്. 'സ്നേഹം' എന്ന മാനസിക സപര്യയെ രതി എന്ന ശാരീരിക ആഗ്രഹ പൂർത്തീകരണത്തിലേക്ക് പരിവർത്തനവിധേയമാക്കുമ്പോൾ ആത്മീയ പ്രണയത്തിന്റെ നിലപാടുകളെ ബോധപൂർവ്വം നിലനിർത്തുകയും, ലൗകീകതയുടെ മമതയെ പ്രായോഗിക വൽക്കരിക്കുകയും ചെയ്യുന്നു. ഇത് ഒരു വ്യക്തിയിൽ തന്നെ കേന്ദ്രീകൃതമായ മാനസിക സംപ്രത്യയമാണ്. വ്യക്തിയുടെ നിലപാടുകളിൽ അഹം കേന്ദ്രീകൃതമായ സ്നേഹ സങ്കൽപ്പങ്ങളുടെ പൂർത്തീകരണം സംഭവിക്കുന്നതോടൊപ്പം തന്നെ നിർണായകമായ ശരീരാവശ്യങ്ങളുടെ അഭിനിവേശം അടങ്ങാത്ത ആവശ്യകതയായി നിലകൊള്ളുന്നു. സ്ത്രീ പുരുഷൻ എന്ന ബദൽ ലിംഗപദവികളിൽ ശരീരാധിഷ്ഠിത രത്യവാസനകൾ പ്രബലവും പ്രകടവുമാണ്. വ്യക്തമായ ലിംഗതലത്തിൽ നിലനിന്നുകൊണ്ട് രതിയെ നിർവചിക്കുന്ന പരമ്പരാഗത ശരീര പ്രണയവ്യവസ്ഥയെ സാഹിത്യം വിഷയഉപാധി യായി വ്യവഹരിക്കുന്നു. സ്ത്രീ പുരുഷ സമ്മിശ്രണത്തിലൂടെയും, വൈകാരിക സമ ന്വയത്തിലൂടെയും ശരീരത്തെ രതിയുടെ നിർണായക ഘടകമായി വിഗ്രഹവൽക്കരിക്കു മ്പോഴും, ആത്മീയ പ്രണയത്തിന്റെ മാംസ നിബന്ധമല്ലാത്ത അനുരാഗ വിവശതകളെ ബദൽ പ്രായോഗികതയായി അവതരിപ്പിക്കുന്നു. ഇത്തരം സാഹിത്യവായനകളിൽ ഉടലും, ജൈവീ കതയിൽ നിന്ന് നീക്കം ചെയ്ത ആത്മീയ ഉടലും തമ്മിലുള്ള വിടവുകളെ സസൂക്ഷ്മം

* *റിസർച്ച് സ്കോളർ, ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ*

തുറന്നുകാണിക്കുന്നു. ഇത്തരം വിടവുകൾ ബോധപൂർവ്വം സൃഷ്ടിക്കുന്നത് മനസും ശരീരവും തമ്മിലും, അവയുടെ നിർവചനങ്ങൾ തമ്മിലും ഉള്ള വിരുദ്ധതകളാണ്.

സ്ത്രീ പുരുഷൻ എന്ന ദ്വന്ദ്വവൈയക്തികകാമനകളെ രതിയുടെ സംവാഹകത്വത്തിൽ പ്രതിഷ്ഠിക്കുന്നത് ജൈവികതയുടെ ശരീരാവശ്യകതകളെ മുൻനിർത്തിയാണ്. എന്നാൽ ആൺപെൺഭേദങ്ങൾക്കകത്തുനിന്നുകൊണ്ട് ജൈവാധിഷ്ഠിതമായ രതിയെയും, മാനസികാധിഷ്ഠിതമായ ആനന്ദത്തെയും ഏകീഭവിപ്പിക്കുമ്പോൾ പരസ്പരം വെച്ചുമാറ്റപ്പെടുന്ന ചില ലിംഗസ്വഭാവം ശങ്ങളെ ബോധപൂർവ്വം പുറന്തള്ളുന്നു. ഇത്തരം ലിംഗസ്വഭാവത്തിന്റെ സവിശേഷതയെ യൂങ്ങ് ആനിമ, ആനിമസ് എന്ന സാങ്കേതിക നാമധേയത്താൽ അവതരിപ്പിച്ചിട്ടുണ്ട്. കേരളീയവിമർശനസാഹിത്യത്തിൽ യൂങ്ങിന്റെ ആശയധാരകളെ ഒരു പരിധിവരെ വിലയിരുത്തിയിട്ടുള്ളത് എം. ലീലാവതിയാണ്. 'ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ' എന്ന പഠനഗ്രന്ഥത്തിലൂടെ കേരളീയ വിചാര മാതൃകയിൽ നിലനിന്ന് ലിംഗഭേദത്തിലെ മാനസികരൂപത്തിന്റെ വേറിട്ട അംശങ്ങളെ പരിചയപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ സാഹിത്യത്തിലെ പ്രായോഗികതയായി ഗണിക്കാവുന്നത് ലീലാവതിയുടെ 'നവതരംഗം' എന്ന വിമർശനാത്മക കൃതിയിലെ 'ആശാൻ കവിയും മനുഷ്യനും' എന്ന ലേഖനമാണ്. രതിയുടെ പരമ്പരാഗത വ്യവസ്ഥിതിയിൽ നിന്ന് വ്യക്തിയിൽ അഥവാ സാഹിത്യകാരനിൽ നിർനീലമായി നിലനിന്നിരുന്ന രത്യാദികാമനകളുടെ സ്ത്രീ സഹജസ്വഭാവത്തെ യൂങ്ങിന്റെ ആനിമ, ആനിമസ് എന്ന അകപ്പൊരുളിന്റെ പ്രരൂപ സംഹിതയെ മുൻനിറുത്തി എം. ലീലാവതി 'ആശാന്റെ അനിമ' എന്ന ലേഖനഭാഗത്തെ വിലയിരുത്തുന്നു. പ്രസ്തുത ലേഖനത്തെ സാംസ്കാരിക രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിമർശനാത്മകമായി വിശകലനം വിധേയമാക്കുന്നു ഈ പ്രബന്ധത്തിലൂടെ.

## അബോധലിംഗ നിർമ്മിതിയും യൂങ്ങും

പുരുഷ അബോധമനസ്സിൽ അന്തർലീനമായി കുടികൊള്ളുന്ന സ്ത്രൈണസത്തയെയാണ് യൂങ്ങ് ആനിമ എന്ന പേരിനാൽ വിശേഷിപ്പിച്ചത്. ഇതേ സവിശേഷത എതിർതലത്തിലേക്ക് വരുമ്പോൾ സ്ത്രീയുടെ അബോധമനസ്സിൽ നിലയുറപ്പിച്ച ആൺ സത്തയും ഉണ്ടാകുന്നു, ആ പ്രതിഭാസത്തെ ആനിമസ് എന്ന് വിശേഷിപ്പിക്കുന്നു. ഇത് ആൺ, പെൺ സ്വത്വത്തിന്റെ ബാഹ്യാവിഷ്ക്കാരത്തിലെ അപകർഷത്തെയല്ല പറഞ്ഞുവെക്കുന്നത്. അത് ആണിലെ പെൺ അതിപ്രസരമോ, പെണ്ണിലെ ആൺ അതിപ്രസരമോ അല്ല. മറിച്ച് എല്ലാ പുരുഷൻമാരിലും എല്ലാ സ്ത്രീകളിലും ഈ സവിശേഷതയുണ്ട് എന്ന് സാമാന്യവൽക്കരിക്കാം. സ്വരൂപത്തിൽ നിന്ന് ബാഹ്യസത്തയിലേക്ക് പ്രസരണം ചെയ്യുമ്പോൾ വൈയക്തിക വ്യത്യസ്തത ഉണ്ടാകുന്നുവെന്ന് മാത്രം. യൂങ്ങ് ഇപ്രകാരം സവിശേഷവൽക്കരിക്കുന്നത് ലിംഗബോധ്യങ്ങൾക്ക് വെളിയിൽ നിലകൊള്ളുന്ന അബോധമായ വൈകാരികസത്തയെയാണ്. ഈ ആശയത്തെ ആന്തരികമായ സ്വഭാവത്തിന്റെ പ്രതിപ്രവർത്തനമായി വിലയിരുത്തുന്നു. അതിനപ്പുറത്തേക്ക് ജൻമ്മലിംഗത്തിൽ

നിന്നും എതിർഅപരലിംഗത്തിലേക്കുള്ള യാനം സംഭവിക്കുന്നില്ല. മറിച്ച് വ്യക്തിമന സ്സിനുള്ളിലെ എതിർലിംഗഅപരത്വനിർമ്മിതിയിലേക്കും, അതിനാൽ സാധ്യമാകുന്ന പ്രതിപ്രവർത്തനത്തിലേക്കും കൂട്ടിയിണക്കുന്നു. ഇത്തരം അവസ്ഥാന്തരങ്ങളിലൂടെ കടന്നുപോകുമ്പോഴാണ് പുരുഷനിൽ അന്തർലീനമായ സ്ത്രീസത്തയും, നേരെ മറിച്ചും പ്രകടമാകുന്നത്. എന്നാൽ ഇത് സംഭവ്യമാകുന്നത് അബോധത്തിലാണ്. "അബോ ധസത്ത സ്വപ്നങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പ്രതീകങ്ങളിലൂടെയും, സാഹിത്യകൃതികൾ, കലാരൂപങ്ങൾ, എന്നിവയിലൂടെയും ആവിഷ്ക്കൃതമാകാറുണ്ട്". 1998:180. ഈ നിരീക്ഷ ണത്തിന്റെ പ്രസക്തി പുരുഷനിൽ പ്രകടമാകുന്ന സ്ത്രീസത്തയെ പുരസ്കരിക്കുന്നു. അതിന്റെ സാധൂതയെ കൂടുതൽ ഉറപ്പിക്കുന്നത് സ്ത്രൈണചേതനയിൽ ഉരുത്തിരിയുന്ന ആദിപ്രരൂപ നിർമ്മിതിയാണ്.

ആദിപ്രരൂപം എന്ന മിത്തിലേക്ക് സ്ത്രൈണചേതനയെ 'യൂങ്ങ്' ആരോപിക്കുന്നു. "അനാദികാലം മുതൽക്കേ പുരുഷസ്വത്വവികാസത്തിൽ സ്ത്രീസത്ത ഏൽപ്പിച്ചിട്ടുള്ള അനുഭൂതികളുറഞ്ഞുകൂടി ഉണ്ടായതാണ്" 1998:181 എന്ന നിരീക്ഷണത്തിലൂടെ എം. ലീലാവതി പ്രരൂപസ്ത്രൈണ മിത്തിനെ ജൈവീക ലിംഗബന്ധങ്ങൾക്ക് അഭേദമായ വൈകാരിക, മാനസിക ബന്ധവുമായി കൂട്ടിയിണക്കുന്നു. ഓരോ കുഞ്ഞിന്റെയും വളർച്ചയെ സ്വാധീനിക്കുന്ന പെൺ ബന്ധങ്ങളെ ഉദാഹരിക്കുന്നു. ഇത്തരം സ്വാധീ നങ്ങൾ തനതായ സ്വഭാവത്തേക്കാൾ കുട്ടിയുടെ ആത്മനിഷ്ഠസ്വഭാവതലത്തിലാണ് കൂടുതൽ ലേഖനം ചെയ്യപ്പെടുക. ഇത്തരം സാഹചര്യത്തിൽ ആൺകുട്ടികളിൽ ആൺ സഹജവാസനകൾ ബാഹ്യാവൃതമാകുമ്പോൾ ആന്തരികസ്വത്വ ബോധത്തിൽ സ്ത്രീ സത്ത ദമിതാവൃതമാകുന്നു എന്ന് മാനസിക പരിസരത്തിൽ നിന്ന് നിരീക്ഷിക്കുന്നു.

ജൈവശാസ്ത്രപരമായി വിചിന്തനവിധേയമാക്കുമ്പോൾ x, y എന്ന് രണ്ട് ഘടകങ്ങ ളോടുകൂടിയ 24 ക്രോമസോമുകൾ ആണ് പുംബീജത്തിൽ ഉള്ളടങ്ങിയിട്ടുള്ളത്. എന്ന തിനാൽ ഈ രണ്ട് കോശങ്ങളും പുരുഷശരീരത്തിൽ അടങ്ങിയതിനാൽ അവയുടെ രണ്ടിന്റെയും ചേതനാംശം ഉണ്ടാകും എന്നതും വിസ്മരിക്കാവതല്ല. ഒന്ന് കൃത്യമായ ബാഹ്യചേതനയായും മറ്റൊന്ന് ആന്തരിക ചേതനയായും ഗണിക്കാം. ഇത്തരം ജൈവി കമായ നിരീക്ഷണങ്ങളെയും യൂങ്ങ് ആനിമയെ നിർവചിക്കുവാൻ പ്രയോഗിക്കുന്നുണ്ട്.

മാതൃസഹജാവബോധത്തിന്റെ ആന്തരിക പ്രേരണയായി പുരുഷനിൽ സ്ത്രൈണ ചേതന ഉരുത്തിരിയുന്നു. ഇതേ സന്ദർഭത്തിൽ ഭാര്യാപദവി അലങ്കരിക്കുന്ന സ്ത്രൈണ വ്യക്തിത്വത്തിലേക്ക് കൂടുതൽ ആകർഷണീയത തോന്നുത് ഉള്ളിലുള്ള സ്ത്രൈണാ വബോധത്തിന്റെ പ്രതിഫലനത്താലാണ്. ആനിമ മാതൃസഹജാവബോധത്തിൽ ന ിലനി ൽക്കുമ്പോഴും ആ വലയത്തെ ഭേദിച്ച് ഭാര്യ എന്ന കാലോചിതമായ മറ്റൊരു വ്യക്തിത്വം സ്വാധീനിക്കുന്നു. ഇതിനെ ആനിമ ഇതരവ്യക്തിയിലേക്ക് ഉത്ക്ഷേപണം ചെയ്യുന്നുവെന്നാണ് യൂങ്ങ് വിശദമാക്കുന്നത്. "ശൈശവത്തിന്റെ ആദ്യഘട്ടത്തിൽ ചേതസ്സിലുള്ള ഉദരമണ്ഡലിയെന്ന മാതൃപ്രരൂപവും പുറമേയുള്ള അമ്മയും ഒന്നാണ്.

വ്യക്തിസ്വത്വം വികസിച്ചുവരുന്നതോടെ ക്രമേണ അമ്മയുടെ തനതരൂപം വ്യക്തമായിവരും. പൂർണമായും മാറി നിന്നുകൊണ്ടുള്ള കാഴ്ചപ്പാട് മിക്കപ്പോഴും ഉണ്ടാകുന്നില്ല. എങ്കിലും യഥാർത്ഥരൂപം കൂടുതൽ തെളിഞ്ഞുവരും. പഴയ ദിവ്യസ്വരൂപം അബോധത്തിലാണ്ടു കിടക്കും. മാതൃദമനഘട്ടം തരണം ചെയ്ത് പുംസ്വത്വസംസ്ഥാപനത്തിനുള്ള വ്യഗ്രത യുടെ ദശയിൽ ആനിമയുടെ സവിശേഷതകൾക്കനുരൂപമായ ഏതെങ്കിലും നാരീരൂപം പരിചയസീമയിൽ വരുമ്പോൾ അതിലേക്കുള്ള ആകർഷണം തീക്ഷണമാകുന്നു''1998:183. ഇത്തരത്തിൽ പുരുഷനിലെ അബോധസ്ത്രൈണതലത്തെ യൂങ്ങിന്റെ ആശയത്തെ മുൻ നിർത്തി ലീലാവതി വിശകലനം ചെയ്യുന്നു. ഇതിന്റെ ബദൽ മേഖലയിൽ ആനിമസിനെ കൂടി ചേർത്തു വായിക്കുന്നു. സ്ത്രീയുടെ അബോധത്തിലൂടെ പുംഭാവമായും, ജൈവീ കസിദ്ധമായ പുരുഷാവബോധമായും, ഉള്ളിലെ പൗരുഷസങ്കൽപ്പങ്ങളായും പിതൃകേ ന്ദ്രീകൃതമായ ആൺ സത്ത സ്ത്രീയുടെ അബോധതലത്തിൽ ഉരുവം കൊള്ളുന്നു.

'യൂങ്ങ്' പ്രധാനമായും ആൺ പെൺ സഹജാവബോധത്തെ മുൻനിർത്തി അതിനു ള്ളിലെ പ്രായോഗിമായ വ്യതിരിക്തതകളെയാണ് വിശകലനം ചെയ്തത്. ആൺപെൺ വ്യക്തികളിലെ ആത്മാവിഷ്കാരപ്രധാനമായ സർഗാത്മകരചനകളിൽ ഈ അബോധ സവിശേഷത പ്രതീകാത്മകമായി പരിവർത്തനം ചെയ്യുന്നു. ഈ ആശയതലത്തെ ഉപ ജീവിച്ചാണ് കുമാരനാശാനിലെ വ്യക്തി സഹജഭാവത്തെയും, സർഗാത്മകപരിണാമ ത്തിൽ സംഭവിക്കുന്ന ആന്തരികവ്യക്തിത്വത്തെയും ലീലാവതി 'ആശാന്റെ അനിമ' എന്ന ലേഖനഭാഗത്തിലൂടെ പ്രായോഗികവൽക്കരിക്കുന്നത്.

## ആശാന്റെ ആനിമയും സാംസ്കാരിക ലിംഗ നിർമ്മിതിയും

കവി വ്യക്തിത്വത്തിൽ നിന്നും വേറിട്ട് പോകാത്ത കാവ്യചേതന എന്നത് അതിശ യോക്തിപരമായ ഒന്നല്ല. ഓരോ കാവ്യാനുഭവവും കവിയുടെ ചിന്താസരണികളുടെ പ്രതിഫലനമാണ്. ആ ചിന്തയുടെ കേന്ദ്രത്തെയാണ് പ്രശ്നവൽക്കരിക്കേണ്ടത്. ബാഹ്യ വ്യക്തിത്വത്തെക്കാൾ ആന്തരീകതൻമയിൽ മാത്രം നീറ്റിയെടുത്ത ചില യാഥാർത്ഥ്യങ്ങൾ ഉണ്ടാകും. അപ്രകാരം ഉള്ള യാഥാർത്ഥ്യങ്ങൾ സർഗാത്മകഛായയോടെ സാഹിത്യസൃ ഷ്ടിയാകും. ഈ ഒരു സർഗാത്മക സൗന്ദര്യത്തെയാണ് എം. ലീലാവതി ആദ്യം വില യിരുത്തുന്നത്. "വിരക്തി വാദത്തിന്റെ പക്ഷത്തു ചേരാൻ കവിയുടെ വ്യക്തിത്വത്തിന്റെ ഒരംശം ബോധമനസ്സിന്റെ കാതലായ അംശം ഇഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ വ്യക്തിപ്രേമത്തിൽ വിശ്വസിച്ചിരുന്ന മറ്റേ അംശം പ്രായോഗിക ലൗകിക ജീവിതത്തിലെ മമത്വബന്ധങ്ങളെ നിരാകരിച്ചിരുന്നില്ല. ആശാന്റെ ഉള്ളിലെ ആശാൻ അതായിരുന്നു." 1976:24. ഇപ്രകാരം ആശാന്റെ കൃത്യമായ വ്യക്തിത്വവിചിന്തനം നടത്തുമ്പോൾ അത് അദ്ദേഹത്തിന്റെ കൃതികളുടെ സാമാന്യസ്വഭാവത്തെ വിലയിരുത്തുവാൻ ഉതകുന്ന രീതി യിലുള്ള പരുവപ്പെടുത്തലാണ് സാധ്യമാക്കുന്നത്. വ്യക്തിജീവിതത്തിലെ ലൗകികതയും ആത്മീയതും തമ്മിലുള്ള പ്രത്യക്ഷമായ കലഹമായി നിരൂപക നളിനി എന്ന കവിതയെ വിലയിരുത്തിയതിനു പിന്നിൽ കവിയിൽ ഉരുത്തിരിയുന്ന ആത്മകലഹത്തെയാണ്

പ്രശ്നവൽക്കരിക്കുന്നത്. ഒരർത്ഥത്തിൽ അന്യാപദേശചാതുരിയാൽ കവിതയെ കുറിച്ചുവെക്കുമ്പോൾ അതിനു പിന്നിൽ കവി അനുഭവിച്ച ആത്മസംഘർഷത്തെയാണ് നിരൂപക പൂരണം ചെയ്യുന്നത്. നളിനിയും, ദിവാകരനും ഒരേസമയം ആശാനിലെ വ്യക്തിമിശ്രണമാകുന്നു. 'ജന്തുവിന്നു തുടരുന്നു വാസനാബന്ധമിങ്ങുടലുവീഴുവോളവും' എന്നു പാടുന്ന ആ സഹജവാസന നളിനിയായും അഭ്യാസപ്രകൃതിയായി ദിവാകരനെയും നിരൂപക കവി വ്യക്തിത്വത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. ആശാനിലെ ബോധവും അബോധവും, പുംസ്വത്വവും സ്ത്രൈണസ്വത്വവും തമ്മിലുള്ള വ്യക്തമായ കലഹത്തിലേക്ക് കവിതയെ ബോധപൂർവ്വം നിരൂപക നയിക്കുന്നു.

നളിനിയിലെ സ്ത്രൈണകാമനയെ ആശാനിലെ അബോധസ്ത്രൈണതയിലേക്ക് ആരോപിക്കുമ്പോൾ വെളിയിൽ ലൗകികതയിൽ നിന്ന് ബോധപൂർവ്വം വേറിട്ടു മാറുന്ന ആശാനിലെ പുംസ്വത്വമായി ദിവാകരയോഗി നിലകൊള്ളുന്നു. ഇവിടെ നളിനിയിലെ അഭിലാഷത്തെ ലൗകികമായും രാജസമായും നിരൂപക വിലയിരുത്തുന്നു. ശരീരനിരപേക്ഷമല്ലാത്ത, മാംസനിബദ്ധമായ അനുരാഗത്തെ നളിനി ഇച്ഛിക്കുന്നു. സ്ത്രൈണചേതനയെ കൃത്യമായി ശരീരാവശ്യകതയിൽ നിലനിർത്തുവാൻ കവി ശ്രമിക്കുന്നു. നിരൂപക വിലയിരുത്തിയതുപോലെ തന്നെ കവിയിലെ ലൗകിക ഇച്ഛ തന്നെയാണ് ആ നിരീക്ഷണത്തിനാധാരം. 'കുമാരസംഭവത്തിൽ 'കാമവൈരി പുനശ്ച ഗൃഹസ്ഥനായതുപോലെ' സന്ന്യാസവ്രതം നീക്കി ഗൃഹസ്ഥനായി ഭാര്യാസമേതം വസിപ്പാൻ ദിവാകരനെ വ്യക്തമായി പഴയസ്മരണകളെ ഉണർത്തി നളിനി പ്രലോഭിപ്പിക്കുന്നുണ്ട്. അത് മുൻകാലനിരീക്ഷണങ്ങൾപോലെ തന്നെ സന്യാസജീവിതത്തിൽ നിന്നും ലൗകികതയിലേക്കുള്ള ആശാന്റെ പരിവർത്തനചിന്തയുടെ മുന്നോടി തന്നെയാണ്.

ശരീരനിബന്ധമായ ആശാനിലെ അനുരാഗപ്രമത്തത നളിനിയിലൂടെ പൂർത്തിയാക്കുവാൻ നിരൂപക യുക്തികളെ കണ്ടെത്തുന്നു.

"ഒറ്റയായിട കുരുക്കി വാച്ചതൻ

കറ്റവാർക്കുഴലുതൽപ്പദങ്ങളിൽ

ഉറ്റ രാഗമോടടഞ്ഞു കാൺകയിൽ"

മുടിനാരിഴ പോലും ദിവകാരനെ സ്പർശിക്കുന്ന മാത്രയിൽ പുളകിതയാകുന്ന നളിനിയിൽ ലൗകികതയുടെ അതിപ്രസരം തന്നെയാണ് കാണുന്നത്. അവിടെ രാജസത്തിന്റെ അപ്രസക്തതയെ നിരൂപക വിലയിരുത്തുന്നതും ശരിയായ നടപടിതന്നെ. എന്നാൽ പൂർണമായ സ്ത്രീ പുരുഷസംയോഗത്തിലേക്ക് കവിതാഗതിയെ നയിക്കാത്ത സാത്വികതയുടെ രതിവിരക്തി നായകനിൽ പ്രകടമാവുകയും നായിക ആഗ്രഹപൂർത്തീകരണം നിറവേറാനാകാതെ നിർവാണ പ്രാപ്തിനേടുന്നതായും കവി എഴുതിച്ചേർക്കുമ്പോൾ കൃതിയിൽ ലൗകികതയെ മറികടക്കുന്ന ആത്മീയത പുരസ്കരിക്കുന്നു. എങ്കിലും "കവിയുടെ വ്യക്തി ജീവിതത്തിലും ദിവാകരന്റെ ആദർശമല്ല നളിനിയുടെ ആദർശമാണ്

വിജയിച്ചത്" 1976:26 എന്ന് കുമാരനാശാന്റെ സന്യാസത്തിൽ നിന്ന് ലൗകികതയിലേക്ക് പോയ വ്യക്തിജീവിതത്തെ മുൻനിർത്തി ലീലാവതി നിരൂപിക്കുന്നു.

ലൗകീകതയുടെ ഭാവത്വം സ്ത്രൈണകാമനകളിലേക്ക് പരിപൂർണമായി പകർന്നു നൽകി ബാഹ്യവ്യക്തിത്വത്തിൽ ആശാൻ ആത്മീയത വലയം ചെയ്യുന്ന പുരുഷനാകുന്നു. എന്നാൽ പുരുഷപക്ഷത്ത് നിന്നും ആത്മീയപ്രധാനത്തിന്റെ അപ്രസക്തതയിൽ നിന്നുകൊണ്ടും സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയുമാണ് ജീവിതത്തിന്റെ ധന്യതയെന്ന് നളിനി മതത്തെ വീണ്ടും പുരസ്കരിക്കുന്ന ലീലാവതി രക്തിവിരക്തികളിലെ സംഘട്ടനത്തെ പുനർവായനയ്ക്ക് വിധേയമാക്കുകയും കവിയുടെ സർഗസൃഷ്ടിയിൽ ബാഹ്യമായി വിരക്തി മുഴച്ചു നിൽക്കുമ്പോൾ സഹൃദയ പക്ഷത്തിലും കവിയുടെ ആന്തരീക സ്ത്രൈണവാഞ്ചയിലും രതി അതിന്റെ പാരമ്യതയിൽ നിലകൊള്ളുന്നുവെന്ന് സ്ഥാപിക്കുന്നു.

"മനശാസ്ത്രത്തിന്റെ ഭാഷയിൽ ആശാന്റെ അനിമ (മിശാമ) യാണ് നളിനി എന്നു പറയാം.1976:26 എന്ന് നിരൂപക വിലയിരുത്തുന്നു. പുരുഷന്റെ അബോധത്തോട് ഇണങ്ങിച്ചേരന്നു നിലകൊള്ളുന്ന സ്ത്രൈണാംശമായി യൂങ്ങ് വിശേഷിപ്പിക്കുന്ന ആനിമയെ കൃത്യമായ അബോധനിർമ്മിതിയായി ലീലാവതി പ്രയോഗിക്കുന്നു. മനശാസ്ത്രജ്ഞനായ യൂങ്ങ് നിർമ്മിച്ച സാങ്കേതിക നാമമായ ആനിമയോട് ആശാനിലെ വ്യക്തിയുടെ ആന്തരികചേഷ്ടയെ ക്രമീകരിക്കുന്നു. ഈ സാഹചര്യത്തിലാണ് ആശാനിലെ സ്ത്രീയും പുരുഷനും തമ്മിലുള്ള സംഘർഷം നടക്കുന്നത്. രതിയും വിരക്തിയും തമ്മിലുള്ള സംഘർഷം നടക്കുന്നത്, ലൗകീകതയും ആത്മീയതയിലും തമ്മിലുള്ള സംഘർഷം സാധ്യമാകുന്നത്. ആശാനിലെ സാത്വികത ദിവാകരൻ എന്ന കഥാപാത്രത്തിലേക്ക് സന്നിവേശിപ്പിക്കുമ്പോൾ അത് കവിയുടെ വ്യക്തിജീവിതത്തിലെ ബാഹ്യാവൃതമായ ആദർശത്തിലേക്കാണ് പരിമിതപ്പെടുന്നത്. ജീവിതത്തിലെ ആദ്യപകുതിയിൽ ചിന്നസ്വാമിയായുള്ള സ്വാതികഭാവത്തിന്റെ കാവ്യത്തിലെ വെളിപ്പെടലാകുന്നു ദിവാകരയോഗി. അപ്പോൾ കവിവ്യക്തിത്വത്തിലേക്ക് മാത്രമായി ചിന്തകളെ വ്യവഹരിക്കുവാൻ അനുവദിക്കുമ്പോൾ അദ്ദേഹം കാഴ്ചകളിലൂടെയും ഭാഷയിലൂടെയും, മൗനത്തിലൂടെയും ഏറെ വ്യവഹരിക്കുന്നത് സമൂഹത്തോട് തന്നെയാണ്. ഇത്തരം സാഹചര്യത്തിലാണ് പൊതുസമൂഹത്തെ മനസിലാക്കി കവി സ്വവ്യക്തിത്വത്തെ സ്വയം നിർമ്മിക്കുന്നത്. ആത്മീയതയുടെ അതിപ്രസരത്തിലേക്ക് ഇറങ്ങിനിന്ന് അദ്ദേഹം മാതൃകയാക്കുന്നത് ശ്രീനാരായണഗുരുവിനെയാണ്. അദ്ദേഹവുമായി സംവദിക്കുമ്പോൾ ഈശ്വരേച്ഛയുടെ വെളിപാടുകളെ കണ്ടെത്തുന്നു. തൽഫലമായി ആത്മീയമായ ഒരു ആന്തരിക ചോദന കവി നില നിൽക്കുന്ന വ്യവസ്ഥിതിയിൽ നിന്നു തന്നെ നേടിയെടുക്കുന്നു. ഇപ്രകാരമുള്ള സാഹചര്യത്തിൽ വ്യവഹരിക്കുമ്പോഴാണ് സുബ്രഹ്മണ്യശതകം പോലുള്ള സ്ത്രോത്രകൃതികൾ അദ്ദേഹം രചിച്ചത്.

നളിനിയുടെ രചനാകാലം ആശാനിലെ വ്യക്തിത്വ മിശ്രണത്തിന്റെ സംഘർഷകാലമായി വേണം കരുതുവാൻ. ദിവാകരയോഗിയെപ്പോലെ ലൗകികവൈരിയായി ആശാൻ

സ്വവ്യക്തിത്വത്തെ സാംസ്കാരിക ഉപരിതലത്തിൽ നിന്ന് സ്വയം നിർമ്മിച്ചുകഴിഞ്ഞിരുന്നു. പക്ഷെ ആത്മീയതയുടെ മേൽ ലൗകീകതയുടെ കടന്നുകയറ്റത്തിന്റെ ഫലമായി ആശാനിലെ പുംസ്വത്വം കൃത്യമായ രത്യാദിഭാവനകളിലേക്ക് പരകായം ചെയ്യുമ്പോഴാണ് നളിനി ജനിക്കപ്പെടുന്നത് എന്ന് വേണ്ടം കരുതാൻ. "ചിത്തമാം വലിയ വൈരി കീഴമർന്നത്തൽ തീർന്ന യമി"യായി നിലകൊള്ളുന്ന ആശാനിലെ ആത്മീയതയുടെ പുംഭാവത്തിന്റെ പ്രതിഫലനമായ ദിവാകരത്വത്തിന്റെ താപസകാലയളവിലും "ആശാനിലെ ആനിമ സ്വപ്നങ്ങളിൽ നളിനിയായി പ്രത്യക്ഷപ്പെട്ട് രാജസജീവിതത്തിന്റെ താഴ്വാരങ്ങളിലേക്ക് ദിവാകരത്വത്തെ വീണ്ടും വീണ്ടും ക്ഷണിച്ചിരിയ്ക്കാം" 1976:26. എന്ന് നിരൂപക അടിവരയിടുമ്പോൾ. സ്വപ്ന സമാനമായ അബോധസ്ത്രൈണാംശത്തിലേക്ക് മാത്രമായി കഥാപാത്ര നിർമ്മിതിയെ നയിക്കുന്നു. കൃത്യമായ ആത്മകലഹം ആശാനിൽ രൂപപ്പെടുന്നു എന്ന് അബോധഅനിമയുടെ സഹായത്താൽ നിരൂപക പൂരണം ചെയ്യുമ്പോൾ ഈ അബോധാംശം രൂപപ്പെടുവാൻ സഹായിക്കുന്ന ഒരു സാംസ്കാരിക സമൂഹത്തെ ബോധപൂർവ്വം വിട്ടുകളയുന്നു. വ്യക്തി തന്നിലെ വൈയക്തികതയെയും അതിലെ വിഭിന്നതകളെയും സൃഷ്ടിക്കുന്നത് സമൂഹത്തിൽ നിലനിന്നുകൊണ്ടാണ് എന്നത് ഏറെ പ്രാധാന്യമുള്ള വസ്തുതയാണ്. സ്വപ്നംപോലും ഒരു തരത്തിൽ സമൂഹനിർമ്മിതമാണ്. വ്യക്തിസമൂഹത്തിൽ നിന്നും ആർജിക്കുന്ന ഇംഗിതങ്ങളാണ് അബോധത്തിൽ പതിഞ്ഞ് സ്വപ്നമായി രൂപാന്തരപ്പെടുന്നത്. ഇത്തരം സാഹചര്യങ്ങളിൽ വ്യക്തിയുടെ കാഴ്ചകൾക്ക് ഏറെ പ്രസക്തിയുണ്ട്. സ്വയം ലൗകികവൈരിയായിത്തീരുമ്പോൾ ബാഹ്യകാഴ്ചകൾ ആശാനിൽ സൃഷ്ടിക്കുന്ന മാനസികപരിവർത്തനത്തിലേക്ക് സർഗാത്മകത എളുപ്പം സഞ്ചരിക്കുന്നുണ്ട്. അത് സാമൂഹികമായ ഇടപെടലുകളാലും വൈകാരികത ഉണർത്തുന്ന കാഴ്ചകളാലും സാധ്യമാകുന്നതാണ്.

"പണ്ടു തന്റെ പുര പുഷ്പവാടിയുൾ-
ക്കൊണ്ട വാപികളെ വെന്ന പൊയ്കയിൽ
കണ്ടവൻ കുതുകമാർന്നു തെന്നലിൽ
തണ്ടുലഞ്ഞു വിടരുന്ന താരുകൾ"

ഇത്തരം കാഴ്ചകൾ ദിവാകരൻ തന്റെ സാത്വിക ജീവിതത്തിനിടയിലും കാണുന്നുണ്ട്. ഈ കാഴ്ചകൾ സമൂഹപ്രേരിതമാണ്. ആശാൻ യമിജീവിതത്തിനിടയിലും കാഴ്ചയാൽ കണ്ടെടുത്ത് ആബോധത്തിലേക്ക്ദമനം ചെയ്ത ചില വൈകാരിക അംശങ്ങളുടെ പ്രതിഫലനമാണ് അത്തരരം വരികൾ എന്നുവേണം കരുതാൻ. ഈ ഒരു നിരീക്ഷണം വ്യക്തമായി ഫ്രോയിഡിയൻ കാഴ്ചപ്പാടിനോട് സാധർമ്മ്യം പുലർത്തുന്നുണ്ട്. വ്യക്തി സമൂഹത്തിൽ നിന്നും കണ്ടെടുക്കുന്ന ചില അശ്ലീല തലങ്ങളെ ബോധപൂർവ്വം ബോധമനസ്സിൽ നിന്ന് അബോധത്തിലേക്ക് ദമനം ചെയ്യുന്നു.എന്നാൽ ചില സന്ദർഭങ്ങളിൽ അതിയായ വൈകാരിക വിക്ഷോഭത്താൽ അവ പുറത്തേക്ക് ബഹിർഗമിക്കുന്നു. അവിടെ

സർഗാത്മകത വിസ്മരിക്കാവതല്ല തെറിപ്പാട്ടുകൾ ശരീരത്തിന്റെയും ലൈംഗികതയുടെയും രൂപാത്മകവിവരണമാകുന്നത് ഇത്തരം സാഹചര്യങ്ങളിൽ നിന്നാണ് "പ്രത്യക്ഷ ലൈംഗികതയ്ക്ക് പകരമായി ലൈംഗികാവയവങ്ങളുടെ രൂപമുണ്ടാക്കി ആരാധിക്കുക, അവയെ അലങ്കാരികമായി അവതരിപ്പിക്കുകഎന്നിങ്ങനെ പ്രത്യക്ഷത്തിൽ ചെയ്യാതെ, അവയെക്കുറിച്ച് പറഞ്ഞാലും മതി എന്നതും ആരാധനയുടെ പകർപ്പുകളായികരുതാവുന്നതാണ്. തെറിപ്പാട്ട് അത്തരത്തിലുള്ള ആരാധനരൂപമാണ്." എന്ന സി ആദർശിന്റെ നിരീക്ഷണം സാമുദായിക ശരീരആഘോഷങ്ങളിലേക്കും ആരാധാനയിലേക്കും സന്നിവേശിപ്പിക്കുന്ന അബോധ കാമനങ്ങളുടെ പ്രത്യക്ഷവൽക്കരണത്തിന്റെ സാധ്യതയെ വ്യക്തമാക്കുന്നു. ഇത് സമൂഹത്തിൽ നിർമ്മിക്കുന്ന ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്ന സംഗതിയാണ്.  ഇത്തരത്തിൽ ആശാനിലും, അദ്ദേഹത്തിന്റെ സർഗ്ഗാത്മകതയിൽ സംഭവിക്കുന്നപരിവർത്തനത്തിലും, സമൂഹത്തിലൂടെ ആർജ്ജിതമാകുന്ന ചില ഘടകങ്ങൾ അബോധത്തിൽ ബോധപൂർവ്വം ദമനം ചെയ്യപ്പെടുന്നു. ഇവ സർഗ്ഗാത്മകതലത്തിൽ രത്യാഭിഭാവങ്ങളുടെ പ്രക്ഷേപണമായി പൂരണം ചെയ്യപ്പെടുന്നു. ഇത് മാനസിക സംപ്രത്യയമായി മാത്രം നിരൂപക പരിമിതപ്പെടുത്തി സാമൂഹിക തലത്തെ ബോധപൂർവ്വം മാറ്റി നിർത്തുന്നു.

ആശാനിലെ അബോധകാമനയായി അദ്ദേഹത്തിന്റെ അബോധത്തിൽ നിലയുറപ്പിച്ചസ്ത്രൈണാംശത്തെ നിരൂപക സ്വപ്നാംശത്തിന്റെ പ്രത്യക്ഷണമായി മാത്രം ഗണിക്കുമ്പോൾ ഒരു വ്യക്തിയുടെ ആന്തരിക മനസ്സ് രൂപം കൊള്ളുന്നതിന് നിദാനമായ പൊതുസമൂഹസാഹചര്യങ്ങളെ അവഗണിക്കുന്നു. മാത്രമല്ല യൂങ്ങിന്റെ 'ആനിമ' എന്ന സാങ്കേതിക വിചിന്തനത്തിലേക്ക് മാത്രമായി നളിനിയെ ഒതുക്കി കളയുന്നു. നളിനി ആശാനിലെ സ്ത്രൈണാധിഷ്ഠിതമായ ദ്വന്ദ്വവ്യക്തിത്വമായി വിലയിരുത്തുമ്പോൾ ആനിമ എന്ന സമീപനത്തിലേക്ക് മാത്രമൊതുങ്ങാതെ സമൂഹാർജ്ജിതമായി വ്യക്തി അഥവാ ആശാൻ നിർമ്മിക്കുന്ന വ്യക്തിത്വ ലിംഗനിർമ്മിതയെയാണ് ഈ സന്ദർഭത്തിൽ വിലയിരുത്തേണ്ടത്. നളിനി ആശാനിലെ സ്ത്രൈണതയും, ദിവാകരൻ ആശാനിലെ പുരുഷത്വവുമാകുന്നു. നിരൂപകയുടെ നിരീക്ഷണത്തിൽ " കവിയുടെ തൻമയ്ക്ക് രണ്ട് പ്രധാന ധർമ്മങ്ങൾ ഉണ്ട് - അതി ഭൗതികതയോടൊപ്പം ആധ്യാത്മികതയും" 1976:28 സ്നേഹത്തെ സ്നേഹത്താൽ കീഴ്പ്പെടുത്തുന്ന നളിനി ഒരു തരത്തിൽ ആത്മീയതയെ മറികടന്നുകൊണ്ടുള്ള ഭൗതികതയുടെ അടയാളപ്പെടുത്തലാകുന്നു.  ഈ സാഹചര്യം ആശാനിലെ സാത്വികത മറികടക്കുന്ന ലൗകികതയെ പ്രതിനിധാനം ചെയ്യുന്നു. അതോടെ കൃത്യമായി സമൂഹപൊതുധാരണകളിൽ നിന്ന് അദ്ദേഹം സ്വീകരിക്കുന്ന ലൗകികജീവിതാംശങ്ങളുടെ പെർഫോമാറ്റിക് തലത്തിലേക്ക് 'നളിനിയെ' എന്ന കഥാപത്രത്തെ നിർമ്മിച്ചെടുക്കുന്നു. സാത്വികാവസ്ഥയെ ബോധപൂർവ്വം സ്വീകരിക്കുവാൻ ശ്രമിക്കുമ്പോൾ പൊതു സമൂഹത്തിൽ നിന്നും കണ്ടെടുത്ത ലൗകികാംശങ്ങൾ അദ്ദേഹത്തിന്റെ അബോധതലത്തെ സ്വാധീനിക്കുന്നു. ബാഹ്യമായ പുരുഷത്വത്തിൽ നിലനിന്ന് അബോധാത്മകതയിലെ അതിവൈകാരിക എന്ന സ്ത്രൈണഭാവമായി അവ പരിണമി

ക്കുകയും ചെയ്യുന്നു. തൽഫലമായി ഒരു സ്ത്രൈണ കഥാപാത്രത്തെ ലിംഗാധിഷ്ഠിതമായിത്തന്നെ ആശാൻ നിർമ്മിച്ചെടുക്കുന്നു. ഇത്തരം സാംസ്കാരിക നിർമ്മിതിയെ പെർഫോമാറ്റിക്ക് അഥവാ നാട്യാത്മകതയിലൂടെ വിശകലനം ചെയ്യുന്നത് ജൂഡിത്ത് ബട്‌ലറാണ്. വ്യവഹാരങ്ങൾ ഓരോ ശരീരത്തിലും ലിംഗപദവിയുടെ മുദ്രകുത്തുകയും ഇത്തരം മുദ്രകളിലൂടെ ശരീരങ്ങൾ ആണോ പെണ്ണോ ആയി നടിക്കുകയും ചെയ്യുന്നു. എല്ലാം അർത്ഥത്തിലും നാട്യമാണ് ശരീരം" 2011:51 എന്ന ബട്‌ലറുടെ ഈ നിരീക്ഷണം ആൺ പെൺ പദവികളെ നിർണയിക്കുന്നതിന് നിദാനമാകുന്നു. എന്നാൽ കവിയുടെ സാഹിത്യ നിർമ്മിതിയിലേക്ക് ഇത് കൂടി വായിക്കുമ്പോൾ കവി സൃഷ്ടിക്കുന്ന കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ ബാഹ്യചോദനയിൽ നിന്ന് സ്വീകരിച്ച അന്തരിക ചോദനയാൽ നിർമ്മിതമാകുന്ന വൈകാരിക വ്യവഹാരത്തിന്റെ പരിണിതഫലമായിവേണം ഗണിക്കുവാൻ. സമൂഹത്തിനോടിണങ്ങി നിന്നു കൊണ്ടാണ് കവി സ്ത്രൈണ കഥാപാത്രങ്ങളെ നിർമ്മിക്കുന്നത്, അത് കവി വ്യക്തിത്വത്തിലെ സ്ത്രൈണാംശത്തിന്റെ നാട്യാത്മകതയായി വേണം ഗണിക്കുവാൻ. ഇതിന്റെ അടിസ്ഥാനത്തിൽ കവിയിലെ 'ആനിമ' എന്ന മാനസികഭാവത്തിലേക്ക് മാത്രമായി കവിയും അദ്ദേഹത്തിന്റെ സ്ത്രൈണ കഥാപാത്ര നിർമ്മിതിയും ഒതുങ്ങി പോകുന്നില്ല എന്നതാണ് ഇതിനാൽ വ്യക്തമാക്കുന്നത്. കവി പുരുഷസത്വത്തിലാണ് ജനിച്ചത് എന്നത് ജൈവികമായ സത്യമാണ്. എന്നിരുന്നാലും അദ്ദേഹത്തിന്റെ ചിന്തകളിൽ സംഭവിച്ച വ്യതിരക്തതയുടെ ഫലമായി സാഹിത്യ ജീവിതത്തിൽ ആന്തരികമായി ഉരുവം കൊള്ളുന്നസ്ത്രൈണചേതനായി കഥാപാത്രം നിർമ്മിതമാകുമ്പോൾ അത് ആശാന്റെ ഉള്ളിലെ സ്ത്രൈണാംശം തന്നെയാണ് എന്നത് തർക്കമറ്റ കാര്യമാണ്. പക്ഷെ ആ ചിന്തയുടെ അടിസ്ഥാനം നിരൂപകതയുടെ പക്ഷാവാദപരമായ മാനസിക സവിശേഷതയായ ആനിമയല്ല മറിച്ച് സമൂഹത്തോടുള്ള ബാഹ്യമായ ഇടപെടലുകളിൽ നിന്ന് പ്രചോദിതമായിട്ടുള്ള സാംസ്കാരിക നിർമ്മിതിയാണ്.

### ഉപദർശനം

മനഃശാസ്ത്രഭാഷയിൽ ആശാന്റെ അനിമയാണ് നളിനി എന്ന എം. ലീലാവതിയുടെ നിരീക്ഷണം. പുരുഷ മാനസിക ശരീരത്തിനകത്തെ പെൺ സ്വത്വ വിനിമയത്തെയാണ് സാധൂകരിക്കുവാൻ ശ്രമിച്ചിരിക്കുന്നത്. യൂങ്ങിന്റെ മാനസിക സങ്കൽപ്പനത്തെ മുൻനിർത്തിയുള്ള വായന മാനസിക വ്യവഹാരത്തിലധിഷ്ഠിതമായ ആൺ വിനിമയങ്ങളിലെ സ്ത്രൈണ ബോധ്യത്തെ മാത്രമെ വിശകലനം ചെയ്യുവാൻ ശ്രമിക്കുന്നുള്ളൂ. ആ തലത്തിൽ നിന്നുകൊണ്ട് നിരൂപകയുടെ വാദം ശരിയായ നിഗമനങ്ങളെ വ്യക്തമാക്കുമ്പോഴും വ്യക്തിയിലെ സാമൂഹിക പ്രതിബന്ധതയും, സാംസ്കാരിക വിനിമയങ്ങളും കൃത്യമായി തിരസ്കരിക്കുന്നു. സാംസ്കാരിക ചോദനകളുടെ അടിസ്ഥാനത്തിൽ കവിയുടെ വ്യക്തിജീവിതത്തെയും സാഹിത്യവിനിമയത്തെയും കഥാപാത്രനിർമ്മിതിയെയും വിശകലനം ചെയ്തു. തൽഫലമായി ആശാനിലെ പുരുഷഭാവത്തെയും, അദ്ദേഹത്തിലെ ആൺ ചേതനയിലുരുവം കൊണ്ട സാത്വിക പരിസരത്തെയും മിറകടന്ന് ബാഹ്യസമൂഹ പ്രചോദിതമായി രൂപം കൊണ്ട ആന്തരിക ചോദനയിൽ സൃഷ്ടിക്കപ്പെട്ട ലൗകിക ചേതനയാൽ

രൂപപ്പെടുത്തിയ സ്ത്രൈണ നിർവൃതിയായി 'നളിനി' എന്ന കഥാപാത്രത്തെ ആശാനിലെ ആന്തരിക നാട്യാത്മകതയുടെ പ്രതിഫലനം എന്ന രീതിയിൽ വിലയിരുത്താം.

## ഗ്രന്ഥസൂചി

*ലീലാവതി. എം (ഡോ, 1976, നവരത്നം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.*

*ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1998, തിരുവനന്തപുരം.*

*മ്യൂസ് മേരി ജോർജ്ജ്, 2015, ഉടലധികാരം, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.*

*കുമാരനാശാൻ, നളിനി, കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രസിദ്ധികരണം.*

*രഘുനാഥൻ, നായർ. എം.ബി, 2003, രതിയുടെ സങ്കീർത്തനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം.*

*സത്യൻ പി.പി. 2014, ലൈംഗികതയുടെ ചരിത്രം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.*

*സുരേന്ദ്രൻ, കെ, 2017, ലൈംഗികതയുടെ മഴവിൽ വർണ്ണങ്ങൾ, സാക്ഷി മാഗസിൻ, തേഞ്ഞിപാലം.*

*ഉഷാകുമാരി, ജി, 2013, ഉടൽ ഒരു നെയ്ത്ത്, നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം.*

*യാക്കോബ് തോമസ്, 2011, പുല്ലിംഗത്തിന്റെ നോട്ടങ്ങൾ, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കാലിക്കറ്റ്.*

## റിസർച്ച് ജേർണൽ

*രാജേഷ്.എം.ആർ, വാല്യം 8, ലക്കം 2, 2015, മലയാളം റിസേർച്ച് ജേണൽ, ബെഞ്ചമിൻ ബെയിലി ഫൗണ്ടേഷൻ, കോട്ടയം.*

## English Reference

*Judith Butter, 1999, Gender trouble, Routledge, New York and London.*

*Chris Beasley, 2005, Gender & Sexuality, SAGE Publication, London.*